## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7250

16 /07/2012 - ൽ മറുപടിക്ക്

**റേഷൻ വിതരണം കാര്യക്ഷമമാക്കാൻ നടപടി**

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.ആർ.സെൽവരാജ്
ശ്രീ.ലൂഡി ലൂയിസ്
ശ്രീ.സി.പി.മുഹമ്മദ്

എ) റേഷൻ വിതരണം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത്; വിശദമാക്കുമോ;

ഉത്തരം

**ശ്രീ. അനൂപ് ജേക്കബ്.**
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) പൊതു വിതരണ സമ്പ്രദായം വഴി കേന്ദ്ര സർക്കാർ അനുവദിക്കുന്ന റേഷൻ സാധനങ്ങൾ യഥാസമയം വിട്ടെടുത്ത് പരാതിയ്ക്ക് ഇടവരുത്താതെ അർഹതപ്പെട്ട ജന വിഭാഗങ്ങൾക്ക് കാര്യക്ഷമമായി വിതരണം നടത്തി വരുന്നു. റേഷൻ സാധനങ്ങളുടെ വിതരണത്തിലെ ക്രമക്കേടുകളും കരിഞ്ചന്തയും പൂഴ്ത്തി വയ്പ്പും കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സിവിൽ സപ്ലൈസ് വകുപ്പിൽ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ വിജിലൻസ് ഓഫീസർ തലം വരെയുള്ള ഉദ്യോഗസ്ഥർ റേഷൻ കടകളിലും റേഷൻ മൊത്ത വിതരണക്കടകളിലും സ്ഥിരം പരിശോധനകളും മിന്നൽ പരിശോധനകളും നടത്തി വരുന്നുണ്ട്. വരുന്ന ഓണക്കാലത്ത് റേഷൻ വിതരണം കാര്യക്ഷമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി റേഷൻ സാധനങ്ങളുടെ വിട്ടെടുക്കൽ, വിതരണം എന്നിവ കൃത്യമായി മോണിട്ടർ ചെയ്യുന്നതിനും ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനുമായി ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാരുടെ നേതൃത്വത്തിൽ താലൂക്ക് സപ്ലൈ ഓഫീസർമാരേയും, റേഷനിംഗ് ഇൻസ്പെക്ടർമാരേയും ഉൾപ്പെടുത്തി രണ്ട് സോണൽ മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്.

റേഷൻ സാധനങ്ങൾ കാർഡുടമകൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി ഓരോ മാസവും വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ അളവ് പത്ര മാദ്ധ്യമങ്ങളിലൂടെയും എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നത് കൂടാതെ എല്ലാ റേഷൻ കടകളിലും ലഭിക്കുന്ന സാധനങ്ങളുടെ വിതരണത്തോതും, വിലയും പ്രദർശിപ്പിക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ടി പട്ടികകൾ പ്രസിദ്ധീകരിക്കാത്തത് ക്രമക്കേടായി കണക്കാക്കി

കുറ്റക്കാർക്കെതിരെ 1966 ലെ കേരള റേഷനിംഗ് ഉത്തരവിലെ ചട്ടങ്ങൾ പ്രകാരം നടപടിയെടുത്ത് വരുന്നുണ്ട്. ഇത് കൂടാതെ എല്ലാ റേഷൻ കടകളിലും കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭിക്കുന്നു. എന്നുറപ്പുവരുത്തുന്നതിലേയ്ക്കായി ഇലക്ട്രോണിക്സ് ത്രാസുകൾ സ്ഥാപിക്കുന്ന നടപടിയും പൂർത്തിയായി വരുന്നു. കരിഞ്ചന്തയും, പൂഴ്ത്തിവയ്പും നടത്തുവാനുള്ള ശ്രമങ്ങളെ പരാജയപ്പെടുത്തുവാനുള്ള സർക്കാർ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. എഫ്.സി.ഐ. ഡിപ്പോകളിലും റേഷൻ മൊത്ത വ്യാപാര ഡിപ്പോകളിലും വിതരണ ദിവസങ്ങളിൽ റേഷനിംഗ് ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നിയമിച്ച് വിതരണം നിരീക്ഷിച്ചും വരുന്നു. ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ എല്ലാ ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും, മുനിസിപ്പൽ, കോർപ്പറേഷൻ, പഞ്ചായത്തു തലത്തിലും ഫലപ്രദമായ രീതിയിൽ ഇടപെട്ട് വരുന്നുണ്ട്. ഈ സമിതികൾ മുഖേന ലഭിക്കുന്ന പരാതികൾക്ക് അടിയന്തിര പരിഹാരം കൈകൊള്ളുന്നുണ്ട്. റേഷൻ വിതരണം കുറ്റമറ്റതും കാര്യക്ഷമവും സുതാര്യവും ആക്കുന്നതിന്റെ ഭാഗമായി end - to-end computeriation നടപ്പാക്കുന്നതിനെക്കുറിച്ച് പരിശോധിച്ചു വരികയാണ്.

ബി) ഇതിനായി താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിലവിലുള്ള സംവിധാനം പുനഃക്രമീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) താലൂക്ക് സപ്ലൈ ഓഫീസുകളിൽ ഇപ്പോൾ നിലവിലുള്ള സംവിധാനം ഉപയോഗിച്ചു തന്നെ. റേഷൻ വിതരണം കൂടുതൽ കാര്യക്ഷമമാക്കാനാണ് നടപടി സ്വീകരിച്ചു വരുന്നത് end-to-end computeriation നടപ്പാക്കുന്ന വേളയിൽ പദ്ധതിയുടെ ആവശ്യകതയ്ക്ക് ഉപയുക്തമായ രീതിയിൽ പുനഃക്രമീകരണം ആവശ്യമെങ്കിൽ പരിഗണിക്കുന്നതാണ്.

സി) റേഷൻ കടകളിൽ ഇലക്ട്രോണിക് ത്രാസ്സ് ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ?

(സി) നിലവിൽ റേഷൻ കടകളിൽ പൊതുവേ ഇലക്ട്രോണിക്സ് ത്രാസ്സാണ് ഉപയോഗിച്ചു വരുന്നത്. കൊല്ലം ജില്ലയിൽ ഒന്നും, ഇടുക്കി ജില്ലയിൽ അഞ്ചും, എറണാകുളം ജില്ലയിൽ രണ്ടും റേഷൻ കടകളിൽ വൈദ്യുതി ഇല്ലാത്തതിനാൽ ഇലക്ട്രോണിക്സ് ത്രാസ് ഉപയോഗിക്കുന്നില്ല. സംസ്ഥാനത്തെ മറ്റ് എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക്സ് ത്രാസ് സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ